<u>15 -ാം കേരള നിയമസഭ</u>

<u>13 -ാം സമ്മേളനം</u>

<u>നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 454</u> <u>24-03-2025 - ൽ മറുപടിയ്ക്ക്</u>

<u>അളവുതൂക്കത്തിലെ കൃത്രിമം തടയാൻ നടപടി</u>

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><td colspan="2">ശ്രീമതി സി. കെ. ആശ,<br>ശ്രീ പി എസ് സുപാൽ,<br>ശ്രീ വി ശശി,<br>ശ്രീ. വാഴൂർ സോമൻ</td><td colspan="2">ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി)</td></tr>
<tr><td>(എ)</td><td>ഉപഭോക്തൃതാൽപ്പര്യം സംരക്ഷിക്കുന്നതിനും അളവ് തൂക്കത്തിലെ കൃത്രിമം തടയുന്നതിനും ലീഗൽ മെട്രോളജി വകുപ്പ് ഫലപ്രദമായി ഇടപെടുന്നുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;</td><td>(എ)</td><td>ഉണ്ട്. ലീഗൽ മെട്രോളജി വകുപ്പിൽ താലൂക്ക് തലത്തിൽ ഇൻസ്പെക്ടറാഫീസുകൾ, അസിസ്റ്റന്റ് കൺട്രോളർ ഓഫീസുകൾ, ജില്ലാതലത്തിൽ ഡെപ്യൂട്ടി കൺട്രോളർ ഓഫീസുകളും പ്രവർത്തിക്കുന്നു. വ്യാപാര സ്ഥാപനങ്ങളിൽ മിന്നൽ പരിശോധനകൾ നടത്തുകയും അളവിലും തൂക്കത്തിലും കുറവ് കണ്ടെത്തുകയോ അളവുതൂക്ക ഉപകരണങ്ങൾ യഥാസമയം മുദ്ര ചെയ്യാതെ ഉപയോഗിക്കുകയോ ഉപകരണങ്ങളിൽ കൃത്രിമം കാണിക്കുകയോ പായ്ക്കറ്റ് ഉൽപ്പന്നങ്ങൾ നിർദ്ദിഷ്ട പ്രഖ്യാപനങ്ങൾ ഇല്ലാതെ വില്പനക്കായി പ്രദർശിപ്പിക്കുകയോ ചെയ്താൽ കേസ് രജിസ്റ്റർ ചെയ്ത് പിഴ (രാജിഫീസ്) ഈടാക്കുകയോ കോടതി നടപടികൾ സ്വീകരിക്കുകയോ ചെയ്യുന്നുണ്ട്. വ്യാപാരസ്ഥാപനങ്ങൾ പരിശോധിക്കുന്ന പദ്ധതിയായ ജാഗ്രതയിൽ ഉൾപ്പെടുത്തി 2024-ൽ 20,636 സ്ഥാപനങ്ങൾ പരിശോധിക്കുകയും 2026 കേസുകൾ കണ്ടെത്തി 59,99,000/- രൂപ രാജി ഫീസ് ഈടാക്കുകയും ചെയ്തിട്ടുണ്ട്. പെട്രോൾ പമ്പുകൾ പരിശോധിക്കുന്ന ക്ഷമത പദ്ധതിയുടെ ഭാഗമായി 1000 പമ്പുകൾ പരിശോധിക്കുകയും വിവിധ കുറ്റകൃത്യങ്ങൾക്ക് 13 കേസുകൾ കണ്ടെത്തുകയും 73,500/- രൂപ രാജിഫീസ് ഈടാക്കുകയും ചെയ്തിട്ടുണ്ട്.</td></tr>
<tr><td>(ബി)</td><td>കഴിഞ്ഞ അഞ്ചു വർഷം ലീഗൽ മെട്രോളജി വകുപ്പ് സർക്കാരിലേക്ക് മുതൽക്കൂട്ടിയ റവന്യൂവിന്റെ വിശദാംശം വെളിപ്പെടുത്താമോ;</td><td>(ബി)</td><td><table>
<tr><th>സാമ്പത്തിക വർഷം</th><th>ആകെ റവന്യൂ</th></tr>
<tr><td>2019-2020</td><td>44,64,24,186 രൂപ</td></tr>
<tr><td>2020-21</td><td>46,74,53,501രൂപ</td></tr>
<tr><td>2021-22</td><td>44,10,57,128 രൂപ</td></tr>
<tr><td>2022-23</td><td>49,37,27,888 രൂപ</td></tr>
<tr><td>2023-24</td><td>54,07,72,679 രൂപ</td></tr>
</table></td></tr>
</table>

| | | | |
|---|---|---|---|
| | | | 2024-25 ഫെബ്രുവരി 2025 വരെ – 50,73,00,098 രൂപ<br>**ആകെ** – **289,67,35,480/- രൂപ** |
| (സി) | ഓട്ടോറിക്ഷാ മീറ്റർ, ത്രാസ്സുകൾ എന്നിവ പരിശോധിച്ച് സീൽ ചെയ്ത ശേഷവും അവയിൽ കൃത്രിമം കാണിക്കുന്നതിനുള്ള സാധ്യത നിലനിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് തടയാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ; | (സി) | സീൽ ചെയ്ത ശേഷം കൃത്രിമങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഇത്തരത്തിൽ കൃത്രിമം നടക്കുന്നുണ്ടോ എന്ന് അറിയുന്നതിനായി വ്യാപാര സ്ഥാപനങ്ങളിലും ഓട്ടോറിക്ഷാ മീറ്ററുകളിലും മിന്നൽ പരിശോധന നടത്താറുണ്ട്. സീലിൽ കൃത്രിമം കാണിക്കുന്നത് ഒഴിവാക്കുന്നതിനായി യൂണീക് നമ്പരുള്ള സ്പെഷ്യൽ സീൽ സംവിധാനം സംസ്ഥാനത്ത് പരീക്ഷണാടിസ്ഥാനത്തിൽ മൂന്ന് താലൂക്കുകളിൽ ഏപ്രിൽ മാസം മുതൽ നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. |
| (ഡി) | ഇലക്ട്രിസിറ്റി മീറ്റർ, വാട്ടർ മീറ്റർ എന്നിവ അതതുസമയത്ത് വകുപ്പ് പരിശോധിച്ച് കൃത്യത ഉറപ്പുവരുത്താറുണ്ടോ; വിശദമാക്കാമോ? | (ഡി) | ഇലക്ട്രിസിറ്റി മീറ്ററിന്റെ വെരിഫിക്കേഷൻ കേന്ദ്ര സർക്കാർ 2011-ലെ ലീഗൽ മെട്രോളജി ജനറൽ റൂൾസിൽ ഉൾപ്പെടുത്തിയിട്ടില്ല. എറണാകുളത്ത് പ്രവർത്തിക്കുന്ന സെൻട്രൽ ലാബിലുള്ള വാട്ടർമീറ്റർ ലാബിൽ വാട്ടർമീറ്റർ വെരിഫിക്കേഷനുള്ള സംവിധാനം ഒരുക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ